(ബി) അന്ന് കണ്ടക്ടർമാരുടെ പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിരുന്നുവോ;

(സി) കണ്ടക്ടർമാരുടെ പി. എസ്. സി. റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്;

(ഡി) ഈ ലിസ്റ്റിൽ എത്ര ആളുകളുടെ പേർ ഉണ്ട്;

(ഇ) പി. എസ്. സി. റാങ്ക് ലിസ്റ്റ് പ്രകാരം കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കെ. എസ്. ആർ. ടി. സി. യിൽ എത്ര കണ്ടക്ടർമാർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ;

(എഫ് ആൻറ് ജി) പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതു തടയാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(എച്ച്) താല്ക്കാലിക ജീവനക്കാരെ പിരിച്ചുവിട്ട് പി. എസ്. സി. ലിസ്റ്റിലുള്ളവരെ എന്നത്തേക്ക് നിയമിക്കുമെന്ന് വ്യക്തമാക്കുമോ?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) 1050 താല്ക്കാലിക കണ്ടക്ടർമാർ ജോലിചെയ്യുന്നുണ്ട്. 22-3-1983-ൽ താല്ക്കാലിക കണ്ടക്ടർമാരെ നിയമിക്കാൻ കോർപ്പറേഷൻ ഉത്തരവ് പുറപ്പെടുവിച്ചു.

(ബി) ഇല്ല.

(സി) 1-2-1985-ൽ കണ്ടക്ടർമാരുടെ ഒരു പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിൽവന്നു.

(ഡി) 3009 പേർ.

(ഇ) പൊതു ലിസ്റ്റിൽ നിന്ന് ആരെയും നിയമിച്ചില്ല. എന്നാൽ സ്പെഷ്യൽ റിക്രൂട്ടുമെൻറു പ്രകാരം കഴിഞ്ഞ വർഷത്തിൽ 296 പേരെ നിയമിക്കുകയും ഇപ്പോൾ അഡ്വൈസ് ചെയ്ത 241 പേരെ നിയമിക്കാൻ നടപടിയെടുത്തുവരികയുമാണ്.

(എഫ് ആൻറ് ജി) പി. എസ്. സി. ലിസ്റ്റ് നിലവിലുള്ളപ്പോഴും താല്ക്കാലിക ജീവനക്കാരെ സാധാരണ നിയമിക്കാറില്ല. എന്നാൽ 1985 ഒക്ടോബറിലെ സമരക്കാലത്ത് സർവ്വീസുകളും മുടങ്ങാതെ നടത്തുന്നതിനുവേണ്ടി അടിയന്തിരമായി കുറേപേരെ താല്ക്കാലികമായി നിയമിക്കാൻ കോർപ്പറേഷൻ നിർബന്ധിതമായി. ഇത്തരം സാഹചര്യത്തിൽ മറ്റുപോംവഴിയൊന്നുമില്ല.

(എച്ച്) 7-ാം പദ്ധതിക്കാലത്ത് ബസ്സ് സ്റ്റാഫ് റേഷ്യോ കുറച്ചുകൊണ്ടുവരുന്നതിന് നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രത്യേക സാഹചര്യമാണ് കോർപ്പറേഷൻ അഭിമുഖീകരിക്കുന്നത്. കഴിയും വേഗം ഇതിൻമേൽ ഗവൺമെൻറ് ഒരു തീരുമാനം എടുക്കുന്നതാണ്.

എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ നിന്നും കാർഡയക്കുന്നതിനെപ്പറ്റിയുള്ള ആക്ഷേപം

*190 [221] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ നിന്നും സീനിയോറിറ്റി പരിഗണിക്കാതെ കാർഡയക്കുന്നതായി എന്തെങ്കിലും ആക്ഷേപ

LIBRARY ARCHIVES Kerala Legislative Assembly

മുള്ളതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതാത് ഓഫീസുകളിൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാനും ഉദ്യോഗത്തിന് കാർഡയക്കുന്ന ആളുകളുടെ ലിസ്റ്റു കൂടെ പ്രസിദ്ധീകരിക്കാനും നടപടി സ്വീകരിക്കുമോ;

(ബി) ഈ ക്രമക്കേടുകൾക്കെതിരെ പരാതി അയക്കേണ്ടത് ആർക്കാണെന്നും അങ്ങനെ അയച്ചാൽ എത്ര ദിവസത്തിനകം വിശദീകരണ മറുപടി ലഭിക്കുമെന്നും വ്യക്തമാക്കാമോ?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പത്തനംതിട്ട ജില്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് ഒഴികെ എല്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിലും 31-12-1986 വരെ പ്രാബല്യമുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉദ്യോഗത്തിന് കാർഡയയ്ക്കുന്ന ഉദ്യോഗാർത്ഥികളുടെ ലിസ്റ്റു കൂടെ പ്രസിദ്ധീകരിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുള്ളതുകാരണം ടി ലിസ്റ്റ് കൂടി പ്രസിദ്ധീകരിക്കുവാൻ നിർവ്വാഹമില്ല.

(ബി) ശ്രീ. ബി. വിൽസൺ, ജോയിൻറ് ഡയറക്ടർ, എംപ്ലോയ്മെൻറ് ഡയറക്ടറേറ്റ്, തൈക്കാട്, തിരുവനന്തപുരം-14 എന്ന വിലാസത്തിൽ അയച്ചാൽ അന്വേഷിച്ച് വിശദമായ മറുപടി മൂന്നുമാസത്തിനകം നൽകുന്നതാണ്.

കൈത്തറി തൊഴിലാളികളുടെ മിനിമം കൂലിയും ക്ഷാമബത്തയും

* 191 [222] ശ്രീമതി പി. വേലായുധി:
ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, സി. പി. മുസ്തഫാൻകുട്ടി:
,, പി. വി. കുഞ്ഞിക്കണ്ണൻ:
,, വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി തൊഴിലാളികൾക്ക് നടപ്പാക്കിയ മിനിമം കൂലിയും ക്ഷാമബത്തയും പല കേന്ദ്രങ്ങളിലും നടപ്പാക്കുന്നില്ലെന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ;

(സി) ക്ഷാമബത്തയും മിനിമം കൂലിയും എല്ലാ കേന്ദ്രങ്ങളിലും നടപ്പിലാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) ഇല്ല.

(ബി) ഇല്ല.

(സി) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly